## പതിനാലാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4270 — 25/06/2018-ൽ മറുപടിയ്ക്ക്

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>,, വി. അബ്ദുറഹിമാൻ<br>,, വി. ജോയി<br>,, എം. രാജഗോപാലൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കുന്ന സ്വയം തൊഴിൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ 'കൈവല്യ'യുടെ വിശദവിവരങ്ങൾ നല്കാമോ; | | |
| (സി) വനിതകൾക്കായി നടപ്പാക്കുന്ന 'ശരണ്യ'സ്വയം തൊഴിൽ പദ്ധതിയിൽ ഏതെല്ലാം വിഭാഗത്തിലുള്ള വനിതകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ; | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## (1) കെസ്റു- കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്

കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ് മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് - 1999 (KESRU 99) പദ്ധതി 30.03.1999 ലെ സ.ഉ.(അച്ചടി) 40/99/തൊഴിൽ നമ്പർ സർക്കാർ ഉത്തരവു പ്രകാരം നിലവിൽ വന്നു. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബവരുമാനം 1,00,000/ - രൂപയിൽ കവിയാൻ പാടില്ലാത്തതും 21 നും 50 വയസിനും ഇടയ്ക്ക് പ്രായമുള്ള ഏതൊരു വ്യക്തിക്കും ഈ പദ്ധതിയിൻകീഴിൽ വായ്പയ്ക്കുള്ള അപേക്ഷ നൽകാവുന്നതാണ്. 25 വയസ്സ് കഴിഞ്ഞവർക്കും സാങ്കേതിക പരിജ്ഞാനമുള്ളവർക്കും (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ്) ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന തുകയുടെ 20% തുക (പരമാവധി 20,000/-രൂപ വരെ) സബ്സിഡി നൽകുന്നു. പരമാവധി വായ്പ തുക 1,00,000/- (ഒരു ലക്ഷം) രൂപയാണ്.

## (2) മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് /ജോബ് ക്ലബ്:-

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ള (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10

ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

## (3) ശരണ്യ സ്വയം തൊഴിൽ പദ്ധതി :-

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്ണി പ്രോബ്ലം,ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ് മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നു. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.

## (4) കൈവല്യ പദ്ധതി:-

എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി 01.11.16-ലെ സ.ഉ.(പി)നം.174/2016/തൊഴിൽ പ്രകാരം 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ/ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ് പാ പദ്ധതി എന്നിങ്ങനെ നാലു ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക് ഷ്യം. സ്വയംതൊഴിൽ വായ് പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി [അൻപത് ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം രൂപ)] സബ്സിഡിയോടു കൂടി 50,000/- (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ് പ നൽകുന്നു. ആവശ്യപ്പെടുന്ന പക്ഷം ഒരു

ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കപ്പാസിറ്റി ബിൽഡിങ്ങിൽ വിവിധ സ്വയം തൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനവും നൽകി വരുന്നു കൂടാതെ ഭിന്നശേഷിക്കാരുടെ യോഗ്യതക്കും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിങ്ങും സോഫ്റ്റ് സ്കിൽ ട്രെയിനിങ്ങും മറ്റു പരിശീലനങ്ങളും നൽകി വരുന്നു.

## (5) നവജീവൻ പദ്ധതി:-

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്തു സാമ്പത്തിക സ്വാശ്രയത്വം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തൊഴിൽ പുനരധിവാസ പദ്ധതിയാണ് നവജീവൻ

സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള പൗരന്മാർക്ക്, അവർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ നൽകുന്നു. വിവിധ മേഖലകളിൽ പരിചയവും വൈദഗ്ധ്യവും ആർജ്ജിച്ചിട്ടുള്ള മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിന്റെ ഉന്നമനത്തിന് പ്രയോജനകരമായ രീതിയിലേക്ക് വഴി തിരിച്ചു വിടുക എന്ന ലക്ഷ്യത്തോടെ 50 വയസ്സിനു മുകളിൽ പ്രായമുള്ള ആളുകളുടെ (സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ 56 വയസ്സിനു മുകളിലുള്ളവർ) ഒരു 'ഡാറ്റാ ബാങ്ക്' തയ്യാറാക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഇവരുടെ വൈദഗ്ധ്യവും പരിചയസമ്പത്തും വിനിയോഗിക്കുക എന്നത് ഇതിലൂടെ ലക്ഷ്യമിടുന്നു. നവജീവൻ പദ്ധതി സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള കരട് മാർഗ്ഗരേഖയും ചട്ടങ്ങളും അംഗീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയ്ക്കായി 50,00,000/- (അൻപത് ലക്ഷം രൂപ ) വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ